കേരളത്തിലെ മദ്റസാ പാഠ്യപദ്ധതിയും പഠനരീതിയും പരിഷ്കരിക്കേണ്ട തിന്റെ ആവശ്യകതയെക്കുറിച്ച് കെ. മുഹമ്മദ് അയിരൂർ എഴുതിയ ലേഖനത്തോട്('08 ഫെബ്രുവരി 2, ലക്കം: 33) വായനക്കാർ പ്രതികരിക്കുന്നു

# വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മനസ്സിന്റെ വികാസം

**വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അറിവു പകരൽ മാത്രമല്ല; ആ അറിവിനൊത്ത് അവരുടെ കഴിവുകൾക്കും മനസ്സിനും വികാസം നൽകുകയും അവരെ ചിന്തിക്കാൻ പ്രാപ്തരാക്കുകയുമാണ്**

**റജായി മേലാറ്റൂർ**

**മനുഷ്യനെ** സാംസ്കാരികമായി ഉയർത്തുന്ന ഉപാധിയാണ് വിദ്യാഭ്യാസം. സർഗം വിദ്യാർഥിയുടെ ഉള്ളാണ്. ബൗദ്ധികത ബോധവും. ഇവ പരിഗണി ക്കാതെ എങ്ങനെ 'മദ്റസാ ചർച്ച' പ്രസ ക്തമാവും? മാനസിക വളർച്ചയാണ് അറിവ്; 'ജ്ഞാനം' ഹൃദയവിശാലതയാ ണെന്നത് പ്രവാചക വചനമാണ്.

'പഠനം' ഇസ്‌ലാമിന്റെ ആദ്യ അധ്യാപനമായത് സ്വാഭാവികം. ഇസ്‌ലാമിന്റെ ആറാം തൂണായി പഠ നത്തെ പരിഗണിക്കണമെന്ന പണ്ഡിതാഭി പ്രായമുണ്ട്. 'അറിവുള്ളവനും അറിവില്ലാ ത്തവനും സമമാകുമോ' എന്ന ഖുർ ആന്റെ ചോദ്യം പഠനത്തിന്റെ പ്രാധാന്യ മാണ് അടിവരയിടുന്നത്.

എന്നാൽ മദ്റസകൾ എന്തു ഫലം ചെയ്തു, എവിടെ എന്തൊക്കെയാണ് പ്രശ്നങ്ങൾ? ഇത് സംബന്ധമായി ഒരു സർവെയെങ്കിലും നടന്നോ?

മദ്റസാ വിദ്യാഭ്യാസത്തിന്റെ ചില പൊതുവായ ന്യൂനതകൾ വളരെ പ്രകട മാണ്.

-ആരാധനകളുടെ ശർത്വും ഫർദും പഠിച്ചിട്ടും കൃത്യമായി നിർവഹിക്കുന്ന വർ കുറവ്.

-സമുദായത്തിലെ അംഗം എന്നതി നപ്പുറം ഇസ്‌ലാം എന്ത്, എന്തിന് എന്ന കാഴ്ചപ്പാടില്ലാത്തവരാണ് ബഹുഭൂരിപ ക്ഷവും.

-മദ്റസാ വിദ്യാഭ്യാസം ലഭിച്ചവരും അല്ലാത്തവരും തമ്മിൽ പ്രകടമായ വ്യത്യാസങ്ങൾ കാണുന്നില്ല.

-ഭൗതിക പ്രത്യയശാസ്ത്രങ്ങളെ പിന്തുടരുന്ന സമുദായാംഗങ്ങൾ മദ്റസാ 'ബിരുദധാരി'കളാണ്.

ഇത്തരം പ്രതിസന്ധികളുടെ കാരണമെന്ത്? പിഴച്ചതെവിടെ? ശാസ്ത്ര നിരീക്ഷണങ്ങളും രീതികളും പഠനവിധേ യമാക്കേണ്ടത് ഇവിടെയാണ്.

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം ജോൺഹാൾട്ടൻ ഇങ്ങനെ വിവരിക്കുക യുണ്ടായി:

-തന്റെ ജീവിതാന്തരീക്ഷത്തെ കുറിച്ച ബോധ്യം.

-അനുഭവജ്ഞനാവുക, ആലോചി ക്കാനുള്ള കഴിവുണ്ടാവുക.

-വിനോദങ്ങളിലെ പാഠങ്ങൾ ഗ്രഹി ക്കാനുള്ള മാനസിക വിശാലത

-സ്വയം ലക്ഷ്യം നിശ്ചയിക്കാനും അടയാളപ്പെടുത്താനുള്ള ബോധ്യവും യോഗ്യതയും.

-ലക്ഷ്യം സ്വായത്തമാക്കാനുള്ള ആർജവവും പ്രാപ്തിയും.

മദ്റസാ പഠനത്തിന്റെ നില നിൽക്കുന്ന രീതി ഉപയോഗ ശൂന്യമൊ ന്നുമല്ല-പക്ഷേ, അതൊരു ചടങ്ങായി മാറി എന്നതാണു പ്രശ്നം.

ഓതാൻ ചൊല്ലിപ്പഠിച്ചും ഓതിയത് ചൊല്ലിപ്പഠിപ്പിക്കാനുമെന്ന അവസ്ഥ തന്നെയാണ് ഇന്നും. പത്താം തരം തോറ്റ തായാലും 'മദ്റസാമോല്യാർക്ക്' യോഗ്യത ധാരാളം! ദീനീ ജ്ഞാനം പക രാൻ ഭൗതികബിരുദം വേണമെന്ന് ശഠി ക്കുകയല്ല. പക്ഷേ അത്ര പോലും പടിക യറാൻ സാധിക്കാത്തവർ ഒരു മാതൃകാസ മൂഹത്തെ എങ്ങനെ സൃഷ്ടിക്കും?

ഇരുണ്ട കണ്ണ്, പേടിപ്പിക്കുന്ന മുഖ ഭാവം, വടിയേന്തിയ കൈ പിറകിൽ കെട്ടിയ നടത്തം-മദ്റസകളിലെ സ്ഥിരം അധ്യാപക വേഷം. ഒന്നു ചിരിച്ചാൽ അധ്യാപകന് എന്താണ് സംഭവിക്കുക? പ്രശ്നം അധ്യാപകന്റെ സമീപനമാണ്; താൻ ഉദ്ദേശിക്കുന്നത് വിഴുങ്ങുകയും ഛർദ്ദിക്കുകയും ചെയ്യലാണ് വിദ്യാർഥി യുടെ കഴിവെന്ന മനോഭാവമാണ്. ഖുർ ആന്റെ മനോഹാരിത പോലും വടിയുടെ നിഴലിലായത് വലിയ ദുരന്തം! 'വായിച്ചും എഴുതിയും അറിയാത്തത് പഠിപ്പിച്ചും ഉദാരനായ നാഥന്റെ നാമത്തിലുള്ള ഒരു വിദ്യാഭ്യാസ രീതി' പേടിപ്പിച്ച് പഠിപ്പിക്ക ലിൽ എത്തിനിൽക്കുന്നത് എത്ര ദയ നീയം!

അധ്യാപകന്റെ പരാതി മറ്റൊന്നാ ണ്, 'അല്ലെങ്കിലവൻ പഠിക്കില്ല.' കുഞ്ഞുമ നസ്സറിഞ്ഞ് പഠിപ്പിക്കാൻ കഴിവില്ലാത്ത താണ് പ്രശ്നം.

കുട്ടികളോടുള്ള അധ്യാപക സമീ പനം മാറണം. കഥ കെഞ്ചുന്ന വിദ്യാർഥി ക്കു മുന്നിൽ കാരുണ്യം മൂടിപ്പോയ മുഖവും താങ്ങി 'പ്രവാചക കാരുണ്യം' വിവരിച്ചാൽ എങ്ങനെ അവനത് വായി ക്കും. എന്നാൽ കഥാരൂപത്തിലൊന്ന് പാഠം പഠിപ്പിച്ചാൽ, വിദ്യാർഥിയുടെ ഭാഷ കടമെടുത്താൽ..... വിദ്യാഭ്യാസത്തിന്റെ ഘടകം വിദ്യാർഥിയാണെന്ന് അധ്യാപ കർ മനസ്സിലാക്കിയേ പറ്റൂ.

'ചീത്ത അധ്യാപകനാണ് തന്റെ സൂത്രങ്ങളും രീതികളും വിദ്യാർഥിക്കു മേൽ കെട്ടിയേൽപ്പിക്കുക'(സ്റ്റീഫൻ നീൽ). ഒരു വിദ്യാർഥി സ്വയം തയാറെടു ക്കുകയാണ് പാഠത്തിന്റെ ആരംഭം. നിരീ ക്ഷിക്കാനും ചുറ്റുപാട് മനസ്സിലാക്കാനും വിദ്യാർഥികളെ ഉൾക്കൊള്ളാനും അവരെ വികസിപ്പിച്ചെടുക്കാനും കഴിയു ന്നവനാണ് അധ്യാപകൻ. പുസ്തകത്തി

ലുള്ളതു ചൊല്ലിക്കൊടുക്കാൻ അവരെന്തിന്? അവന് പുസ്തകങ്ങൾ നൽകിയാൽ പോരേ? വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അറിവു പകരൽ മാത്രമല്ല; ആ അറിവിനൊത്ത് അവരുടെ കഴിവുകൾക്കും മനസ്സിനും വികാസം നൽകുകയും അവരെ ചിന്തിക്കാൻ പ്രാപ്തരാക്കുകയുമാണ്. ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങളെല്ലാം ഏഴാം ക്ലാസാകുമ്പോഴേക്കും പഠിക്കണമെന്നത് ദുശ്ശാഠ്യമാണ്. അവന്റെ വിനോദങ്ങളെ പുറത്തെടുത്ത് വികസിപ്പിക്കലാണ് അധ്യാപന കല എന്ന് ആൽബർട്ട് ഐൻസ്റ്റീൻ അടിവരയിടുന്നുണ്ട്. അധ്യാപകന്റെ സ്വാധീനം അനന്തമാണ്. അത് ഉപയോഗപ്പെടുത്തുന്നതിൽ ശ്രദ്ധ പതിപ്പിക്കുകയാണ് വേണ്ടത്. അധ്യാപകർക്ക് പരിശീലനം നൽകണം; അവർക്കും ഒരു പാഠപുസ്തകം വേണം.

കുട്ടികളുടെ കഴിവുകൾ വളർത്തുകയും അവ സമൂഹ നന്മക്ക് ഉപകാരപ്പെടുന്നുണ്ടോ എന്നു ശ്രദ്ധിക്കുകയും വേണം. പരിഹാരം സാഹിത്യസമാജങ്ങൾ മാത്രമല്ല; ക്വിസ്, കഥാ-കവിതാ രചനാപൂരണം, കാർട്ടൂൺ, പ്രസംഗ പരിശീലനം, നീന്തൽ, കായികാഭ്യാസം തുടങ്ങി എല്ലായിടത്തും അവർ വളരേണ്ടതുണ്ട്. ഖുർആൻ പഠിപ്പിക്കുന്നത് മരങ്ങൾക്കും ചെടികൾക്കുമിടയിൽ നിന്നാകുമ്പോൾ ; ഹദീസ് വിദ്യാർഥിയുടെ ജീവിതത്തെ കുറിക്കുന്നതാകുമ്പോൾ; കളിക്കിടയിൽ ആരാധനാകർമങ്ങൾ നിർവഹിക്കപ്പെടുമ്പോൾ- വലിയ മാറ്റമായിരിക്കും അത്! സൂര്യൻ ഉദിക്കുന്നതും അസ്തമിക്കുന്നതും തുടങ്ങി പ്രകൃതിയുടെ പാഠങ്ങൾ കണ്ട് ദൈവത്തെ അന്വേഷിക്കുമ്പോൾ, അവധിക്കാലം എങ്ങനെ ചെലവഴിച്ചു എന്ന് എഴുതിവരുമ്പോൾ, അറബി പദ്യങ്ങൾക്കും ഇസ്‌ലാമിക ഗാനങ്ങൾക്കും അവർ തന്നെ ഈണം നൽകുമ്പോൾ, ഇസ്‌ലാമിക കഥകൾ കേൾക്കുമ്പോൾ....അവർ വികസിക്കാതിരിക്കില്ല. പാഠങ്ങളും പഠനങ്ങളും ഇത്തരം രീതികളിൽ പുനരവതരിപ്പിക്കുകയാണ് നമുക്കുള്ള വെല്ലുവിളി. വിദ്യാർഥി താൽപര്യപൂർവം മദ്റസ അനുഭവിക്കുകയാണ് വേണ്ടത്. കുഴിച്ചെടുക്കാൻ പറ്റുന്ന നിധികളാണവർ. അതെങ്ങനെ പുറത്തെടുക്കുന്നു എന്നതാണ് പ്രശ്നം.

അധ്യാപകരെ പോലെതന്നെ മക്കളിൽ വളരെ ശ്രദ്ധ ചെലുത്തേണ്ടവരാണ് മാതാപിതാക്കൾ. എന്തിനാണ് മക്കളെ മദ്റസയിൽ പറഞ്ഞയക്കുന്നതെന്ന് അന്വേഷിച്ചാൽ നമസ്കാരവും പ്രാർഥനകളും പഠിക്കാനെന്നതല്ലാതെ വേറെ ഒന്നും പ്രതീക്ഷിക്കാൻ തരമില്ല. ഒരു ഫോം നൽകിയാൽ മക്കളുടെ 'കഴിവുകൾ' സംതൃപ്തിയോടെ പൂരിപ്പിക്കാൻ കഴിയുന്ന എത്ര രക്ഷിതാക്കളുണ്ട്? മക്കളെക്കുറിച്ച അജ്ഞത ദുരന്തമാണ്. നാളെ തങ്ങൾക്കുവേണ്ടി പ്രാർഥിക്കേണ്ടവർ ഇവരാണെന്നു വരുമ്പോൾ!

മാതാപിതാക്കൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടാകേണ്ടതുണ്ട്. മദ്റസയിൽ പറഞ്ഞയച്ചിട്ട് കളിക്കാൻ വിടുകയാണെന്നറിയുമ്പോൾ, പാട്ടാണ് അവർക്ക് പാടിക്കൊടുക്കുന്നതെന്നറിയുമ്പോൾ, ഖുർആൻ കൊണ്ട് കളിയാണെന്നറിയുമ്പോൾ അവർ ചോദിക്കാതിരിക്കുന്നതെങ്ങനെ? അതിനാൽ അവർക്കും കാഴ്ചപ്പാട് വളരേണ്ടത് അത്യാവശ്യമാണ്. തന്റെ മകൻ എഞ്ചിനീയറും ഡോക്ടറുമാകുന്നതിനുമുമ്പ് ദൈവത്തിന്റെ നല്ലൊരു ദാസനാകാൻ, നല്ലൊരു മനുഷ്യനാകാൻ മാതാപിതാക്കൾ ആഗ്രഹിക്കണം, പ്രവർത്തിക്കണം. കുട്ടികളുടെ മുന്നിൽ വെച്ച് പരസ്പരം വഴക്കടിക്കരുത്. നിരന്തരം അവരെ നിരീക്ഷിക്കുകയും അവരെ സഹായിക്കുകയും വേണം. മക്കൾ താളം തെറ്റിയാൽ ചോദിക്കപ്പെടുക മാതാപിതാക്കളാണെന്ന ബോധ്യം ഉണ്ടാകണം. അടിച്ചു വളർത്തുന്ന ശീലം ഒഴിവാക്കണം. സ്നേഹവും മാതൃകയുമാവണം മാതാപിതാക്കൾ. ■